# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.5696 02.07.2014-ൽ മറുപടിക്ക്**

**ഹയർ സെക്കന്ററി സ്കൂളുകളിൽ വാട്ടർ ആന്റ് സാനിട്ടേഷൻ സെന്ററുകൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.എ.വാഹീദ്<br>ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ.ഡൊമിനിക്ക് പ്രസന്റേഷൻ<br>ശ്രീ.വി.റ്റി.ബൽറാം | ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ഹയർ സെക്കന്ററി സ്കൂളുകളിൽ വാട്ടർ ആന്റ് സാനിട്ടേഷൻ സെന്ററുകൾ സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ ; | (എ) സംസ്ഥാനത്തെ ഹയർ സെക്കന്ററി സ്കൂളുകളിൽ വാട്ടർ ആന്റ് സാനിട്ടേഷൻ സെന്ററുകൾ ജലനിധി വിഭാവനം ചെയ്തിരുന്നു. എന്നാൽ പദ്ധതി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. |
| (ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ താഴെപ്പറയുന്നു:<br>1. സംസ്ഥാനത്തെ സ്കൂളുകളിൽ വാട്സാനിക് (വാട്ടർ ആന്റ് സാനിട്ടേഷൻ) സെന്ററുകൾ ആരംഭിക്കുക.<br>2.ജലസംരക്ഷണം, മഴവെള്ള സംഭരണം, ഭൂജല പരിപോഷണം, മാലിന്യ സംസ്കരണം എന്നീ മേഖലകളിലെ സാങ്കേതിക വിദ്യകളും മാതൃകകളും പരിചയപ്പെടുത്തുവാനായി വാട്സാനിക് സെന്ററുകൾ സജ്ജമാക്കുക.<br>3. വിദ്യാർത്ഥികൾക്കും അധ്യാപകർക്കും ആവശ്യമായ പരിശീലനം നൽകുക. |

4. ജലഗുണനിലവാര പരിശോധന സംവിധാനങ്ങൾ ലഭ്യമാക്കുക.
5.വിദ്യാർത്ഥികൾ, അധ്യാപകർ, പി.റ്റി.എ. എന്നിവരുടെ സഹകരണത്താൽ പ്രവർത്തനങ്ങൾ ഗ്രാമതലത്തിൽ വ്യാപിപ്പിക്കുക. വിവിധ മാതൃകകളുടെ പ്രദർശനങ്ങൾ സജ്ജമാക്കുക.

| | | | |
|---|---|---|---|
| (സി) | ഏതെല്ലാം ഏജൻസികളാണ് ഇതിന്റെ പ്രവൃത്തികൾക്കായി സഹകരിക്കുന്നത് വിശദമാക്കുമോ; | (സി) | പദ്ധതിയിൽ കമ്മ്യൂണിക്കേഷൻ ആന്റ് കപ്പാസിറ്റി ഡെവലപ്പ് മെന്റ് യൂണിറ്റ്, ശുചിത്വ മിഷൻ, തദ്ദേശ സ്വയം ഭരണ വകുപ്പ് എന്നീ വകുപ്പ്/സ്ഥാപനങ്ങൾ സഹകരിക്കുന്നു. |
| (ഡി) | ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കുവാൻ എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത സെന്ററുകളിൽ ഏർപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) | പ്രസ്തുത സെന്ററുകളുടെ പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്തതിനാൽ ജലഗുണനിലവാരം പരിശോധിക്കുവാൻ യാതൊരു സംവിധാനവും നിലവിൽ ഏർപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ